# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 6323. 11/07/2012 - ലെ മറുപടിക്ക്

## എച്ച്.എസ്.എസ്.റ്റി ഇക്കണോമിക്സ് ടീച്ചർ തസ്തിക

| ചോദ്യം<br>ശ്രീ. റ്റി.വി. രാജേഷ് : | | ഉത്തരം<br>ശ്രീ. ഉമ്മൻ ചാണ്ടി.<br>(മുഖ്യ മന്ത്രി) | |
|---|---|---|---|
| (എ) | ഇക്കണോമിക്സ് ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ തസ്തികയിലേക്ക് 15/06/12-ന് പി.എസ്.സി നടത്തിയ പരീക്ഷ യിലെ ചോദ്യപേപ്പറിലെ ക്രമനമ്പറുകൾ തെറ്റായി നൽകി യത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിച്ചി ട്ടുളളത്; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>15/06/2012 ന് നടന്ന എച്ച്.എസ്.എസ്.ടി ഇക്കണോമിക്സ് തസ്തികയുടെ തിരഞ്ഞെടുപ്പിലേയ്ക്കുള്ള ഒ.എം.ആർ പരീക്ഷയുടെ ചോദ്യപേപ്പർ കോഡ് A,B,C,D എന്നീനാലെണ്ണത്തിൽ D കോഡിലെ ചോദ്യങ്ങൾ ക്രമനമ്പർ 73 മുതൽ 77 വരെയുളളവയിൽ ക്രമനമ്പർ അച്ചടിയിൽ പിശക് സംഭവിച്ചിരുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഇക്കാര്യം പരിശോധിച്ച് എല്ലാ കോഡുകളിലേയും ടി. 5 ചോദ്യങ്ങൾ റദ്ദ് ചെയ്ത് മൂല്യനിർണ്ണയത്തിൽ തുല്യത വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് ഫെബ്രുവരിയിൽ നടത്തിയ പരീക്ഷ യുടെ ചോദ്യങ്ങൾ ഗൈഡിൽ നിന്നു പകർത്തിയ താണെന്ന് മനസ്സിലാക്കി യിട്ടാണ് പി.എസ്.സി രണ്ടാം തവണയും പരീക്ഷ നടത്തിയ തെന്ന കാര്യം അറിയുമോ; ഇത്തരത്തിൽ ചോദ്യപേപ്പറിലെ തെറ്റുകൾ ആവർത്തി ക്കാതിരിക്കുന്നതിനും ചോദ്യങ്ങളുടെ കൃത്യതയ്ക്കും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ബി) | ചോദ്യപേപ്പറിൽ ഇത്തരം തെറ്റുകൾ കടന്നുകൂടാതിരിക്കാൻ Question setters -ന് കർശനമായ നിർദ്ദേശം നൽകുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.